(ജി) ശില്പിയായ ശ്രീ. കെ.പി. സോമൻ

(എച്ച്) ഇല്ല

(ഐ) ഔദ്യോഗിക തലത്തിൽ ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ജെ) സർക്കാർ ഫണ്ട് ഉപയോഗപ്പെടുത്തിയാണ്.

മലയാളത്തിൽ ഉത്തരമെഴുതാൻ അനുമതി

40(778) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ നടത്തുന്ന ബിരുദം യോഗ്യതയായുള്ള സൂപ്പർവൈസറി തസ്തികകളല്ലാത്ത നിയമനങ്ങളുടെ പരീക്ഷാ ചോദ്യങ്ങൾക്ക് മലയാളത്തിൽ എഴുതുന്ന ഉത്തരങ്ങൾ പരിഗണിക്കാറുണ്ടോ എന്ന് അറിയിക്കുമോ;

(ബി) പി.എസ്.സി നടത്തുന്ന നോൺ സൂപ്പർവൈസറി തസ്തികകളുടെ പരീക്ഷകളുടെ എല്ലാം ഇംഗ്ലീഷ് ഭാഷ അഭിരുചി പരിശോധിക്കുന്ന ചോദ്യങ്ങൾ ഒഴികെയുള്ള ചോദ്യങ്ങൾക്ക് മലയാളത്തിലും ഉത്തരമെഴുതുവാൻ ഉദ്യോഗാർത്ഥികൾക്ക് അനുമതി ഉണ്ടാകാൻ ആവശ്യമായ നടപടി കൈക്കൊള്ളുമോ;

(സി) പി.എസ്.സി നടത്തുന്ന ജില്ലാ സഹകരണ ബാങ്കുകളിലെ ക്ലാർക്ക്/കാഷ്യർ തസ്തികകളുടെ നിയമനത്തിന് അപേക്ഷിച്ച, പ്രാഥമിക സഹകരണ ബാങ്കുകളിലെ ഭൂരിഭാഗം ജീവനക്കാർക്കും എസ്.എസ്.എൽ.സി. ജെ.ഡി.സി വിദ്യാഭ്യാസ യോഗ്യത മാത്രമേയുള്ളൂ എന്നതുകൊണ്ട് ഇംഗ്ലീഷ് ഭാഷാഭിരുചി നിർണ്ണയിക്കുന്ന ചോദ്യങ്ങൾ ഒഴികെയുള്ള ചോദ്യങ്ങൾക്ക് മലയാളത്തിലും ഉത്തരമെഴുതാൻ അനുമതി നൽകുന്നതിന് പി.എസ്.സി ക്ക് നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ)-(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അധികാരവികേന്ദ്രീകരണ കമ്മിറ്റി

41(779) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാരവികേന്ദ്രീകരണ കമ്മിറ്റി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉദ്യോഗസ്ഥൻമാരുടെ പുനർവിന്യാസം സംബന്ധിച്ച് അധികാരവികേന്ദ്രീകരണ കമ്മിറ്റി ശുപാർശ നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ ശുപാർശ നടപ്പിലാക്കാൻ ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ കമ്മിറ്റി എത്ര നിയമഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്;

(ഇ) അവയിൽ എത്ര നിയമഭേദഗതികൾ പാസ്സാക്കാൻ കഴിഞ്ഞിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) അധികാരവികേന്ദ്രീകരണകമ്മിറ്റിയുടെ ശുപാർശകൾ ക്യാബിനറ്റ് ഉപസമിതിയുടെ പരിഗണനയ്ക്കു വിടുകയുണ്ടായി. ക്യാബിനറ്റ് ഉപസമിതി ഈ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ചു വരികയാണ്.

(ഡി) കേരള പഞ്ചായത്ത് രാജ് ആക്ടിനും കേരള മുനിസിപ്പാലിറ്റി ആക്ടിനും പുറമേ 45 നിയമങ്ങൾക്കുള്ള ഭേദഗതികളാണ് സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തിട്ടുള്ളത്.

(ഇ) പഞ്ചായത്ത് രാജ് മുനിസിപ്പൽ നിയമങ്ങൾക്കുള്ള ഭേദഗതികൾ പാസ്സാക്കി കഴിഞ്ഞു. മറ്റു നിയമഭേദഗതികൾ സർക്കാരിന്റെ പരിഗണനയിലിരിക്കുന്നു.

ജനനത്തീയതി തിരുത്തുന്നതിന് അവസരം

42 (780)ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ ജനനത്തീയതി സർവ്വീസ് ബുക്കിൽ തിരുത്തി നൽകുന്നത് നിർത്തി വച്ചിരിക്കുകയാണോ;

(ബി) എങ്കിൽ കാരണമെന്ത്;

(സി) ജനനത്തീയതി തിരുത്തി നൽകുന്നതിന് ഒരവസരം കൂടി നൽകുമോ?

ഉത്തരം

(എ) അല്ല.

(ബി) ബാധകമല്ല.

(സി) നിയമനാനുസൃതം അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ജനനത്തീയതി തിരുത്തി നൽകുന്നതിൽ നിരോധനമൊന്നും ഏർപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഒരവസരം കൂടി നൽകണമെന്ന ആവശ്യത്തിന് പ്രസക്തിയില്ല.

പുതിയ തസ്തികകൾ

43 (781)ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. നാലകത്തു സൂപ്പി :
ശ്രീ. എം.കെ. മുനീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഒരു വർഷക്കാലത്ത് ഏതൊക്കെ വകുപ്പുകളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചു;

(ബി) എന്തൊക്കെ തസ്തികകളാണ് സൃഷ്ടിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly